**13-ാം കേരള നിയമസഭ**
**2-ാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 411

27.09.2011 ൽ മറുപടിക്ക്

## പഞ്ചായത്ത് വകുപ്പിൽ എഞ്ചിനീയർമാരുടേയും ഓവർസിയർമാരുടേയും നിയമനം സംബന്ധിച്ച്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.എൻ.എ.ഖാദർ | ഡോ. എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യ ക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) പഞ്ചായത്തു വകുപ്പിൽ എഞ്ചിനീയർമാരുടേയും ഓവർസിയർമാരുടേയും തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നത് കൊണ്ട് ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (എ) ഉണ്ട് |
| (ബി) എങ്കിൽ എല്ലാ തസ്തികകളിലും സമയബന്ധിതമായി നിയമനം നടത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ? എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ബി) എല്ലാ തസ്തികകളിലും സമയബന്ധിതമായി നിയമനം നടത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഒഴിവുള്ള തസ്തികകളിൽ പൊതുമരാമത്ത്/ജലസേചന വകുപ്പിൽ നിന്നും പുനർവിന്യാസം മുഖേന ലഭ്യമാക്കേണ്ടവ ഒഴികെയുള്ളവ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സിയിൽ നിന്നും ഉദ്യോഗാർത്ഥികളെ ലഭിക്കുന്ന മുറയ്ക്ക് നിയമനം നടത്തിവരുന്നു. പി.എസ്.സിയിൽ നിന്നും ഉദ്യോഗാർത്ഥികളെ ലഭിക്കാൻ കാലതാമസം നേരിടുന്നതിനാൽ എംപ്ളോയ്മെന്റ് എക്ചേഞ്ച് മുഖേന പ്രൊവിഷണൽ ആയി നിയമനം നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.